പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.388 — 23.01.2018 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരിച്ച വകയിൽ നൽകാനുള്ള കുടിശ്ശിക തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചയിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക നൽകാത്തത് മൂലം നെല്ല് സംഭരണം പരാജയപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ലഭിക്കാനുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) 2017-18 സീസണിൽ 19.01.2018 വരെ 241.85 കോടി രൂപ സംഭരണ വില ഇനത്തിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. 85.48 കോടി രൂപ വിതരണം ചെയ്യാനുണ്ട്. ആയത് PRS ലോൺ വഴി നൽകിക്കൊണ്ടിരിക്കുന്നു. |
| (സി) കിലോ ഗ്രാമിന് എത്ര രൂപയ്ക്കാണ് നെല്ല് സംഭരണം നടത്തിയത്; സംഭരണ വില കൂട്ടണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ; | (സി) നിലവിൽ 23.30 രൂപ/കി.ഗ്രാം നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കഴിഞ്ഞ സീസണിൽ നിന്നും 80 പൈസ/കി.ഗ്രാമിന് വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) സംഭരിച്ച നെല്ല് കുത്തി അരിയാക്കുവാൻ നൽകുന്ന മില്ലുടമകൾ നല്ല അരി മാറ്റി നിലവാരം കുറഞ്ഞ അരി നൽകുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മില്ലുകാർക്കെതിരെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു? | (ഡി) ശ്രദ്ധയിൽപ്പെട്ടു. ക്രമക്കേടുകൾ കാട്ടിയ രണ്ടു മില്ലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ